**MOST URGENT / FLOOD RELIEF**

**കേരള സർക്കാര്**

സംഗ്രഹം

ത.സ്വ.ഭ.വ. - പ്രളയ ദുരിതാശ്വാസം - കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയംമൂലം വെള്ളംകയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ശുചീകരണം നടത്തി ഉപയോഗയോഗ്യമാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ.2293/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.20.08.2018

---

പരാമർശം :- (1) സ.ഉ. (സാധാ) 2267/2018/തസ്വഭവ തീയതി 17.08.2018.

(2) സർക്കുലർ നമ്പർ 389/ഡി.സി.3/2018/തസ്വഭവ തീയതി 18.08.2018.

(3) സ.ഉ.(സാധാ) 2288/2018/തസ്വഭവ തീയതി 19.08.2018.

**<u>ഉത്തരവ്</u>**

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും പ്രളയവുംമൂലം വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യവും ഉപയോഗ്യയോഗ്യവുമല്ലതായി തീർന്നിരിക്കുന്ന വീടുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവ ശുചിയാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ (ward wise) നടന്നുവരുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവാകുന്നു.

ശ്രീ.മോഹൻദാസ് എസ്, **(ടീം ലീഡർ)**
അഡീഷണൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.
Mob No. 9446487798
email id : mohan101602@kerala.gov.in

ശ്രീ.വിഷ്ണു എസ്.ചന്ദ്രൻ,
ഐ.റ്റി. സ്പെഷ്യലിസ്റ്റ്,
കെ.എൽ.ജി.എസ്.ഡി.പി.
Mob. No. 9400069359

ശ്രീ.ബാല്യമഹേന്ദ്ര ബി.,
സെക്ഷൻ ഓഫീസർ,
തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പ്.
Mob No. 9037167112

Scanned by CamScanner

ശ്രീ.ബിനോയ് മാത്യു,
സെക്ഷൻ ഓഫീസർ,
തദ്ദേശസ്വയംഭരണ (എ.സി.) വകുപ്പ്.
Mob No. 9447646141

2. വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന, വെള്ളംകയറി വാസയോഗ്യമല്ലാതായി മാറിയ വീടുകളും സ്ഥാപനങ്ങളും വാസയോഗ്യമാക്കി മാറ്റുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിനവിവരങ്ങളും (daily report) അന്നേദിവസം വരെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ആകെ വിവരങ്ങളും (cumulative details) നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, ശുചിത്വമിഷൻ എന്നിവരിൽ നിന്നും ഓരോ ദിവസവും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിലും, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കും, ജില്ലാ ഭരണകൂടങ്ങൾക്കും, ആരോഗ്യകുടുംബക്ഷേമ വകുപ്പിനും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്കും അതാത് ദിവസം 5 മണിയോടെ കൺട്രോൾ റൂമിൽ നിന്നും സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ സർക്കാരിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും കൺട്രോൾ റൂം സ്വീകരിക്കേണ്ടതാണ്. ജില്ലാതലത്തിൽ നിന്നും ഫീൽഡ് തലത്തിൽ നിന്നും മറ്റും ശുചീകരണ പ്രവർത്തനങ്ങൾക്ക് ഇടയിൽ ഉണ്ടാകുന്ന സംശയങ്ങൾ കൺട്രോൾറൂം ദൂരീകരിക്കേണ്ടതും, മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**റ്റി.കെ ജോസ്**
**ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി**

ബന്ധപ്പെട്ട വ്യക്തികൾക്ക്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മിഷൻ ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വ്യാപകമായ പ്രചരണത്തിനും സംസ്ഥന സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Scanned by CamScanner